കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിനും പുരോഗതിക്കും നടപടികൾ

40 [527] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിനും പുരോഗതിക്കുംവേണ്ടി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഓരോ കർഷകത്തൊഴിലാളിയുടെയും ശരാശരി വാർഷിക തൊഴിൽ ദിനം എത്രയാണെന്ന് അറിയിക്കാമോ;

(സി) അറുപത് വയസ്സിൽ താഴെയുള്ള എത്ര കർഷകത്തൊഴിലാളികളുണ്ടെന്ന് അറിയിക്കാമോ;

(ഡി) 60 വയസ്സിനുമുകളിൽ പ്രായമുള്ള എത്ര കർഷകത്തൊഴിലാളി കളുണ്ടെന്ന് അറിയിക്കാമോ;

(ഇ) ഇതിൽ സ്ത്രീ തൊഴിലാളികളുടെ എണ്ണം എത്ര;

(എഫ്) പട്ടികജാതി-പട്ടികവർഗ്ഗ തൊഴിലാളികളുടെ എണ്ണം എത്ര;

(ജി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(എച്ച്) കർഷകത്തൊഴിലാളികൾക്ക് തൊഴിലുറപ്പ് നൽകുന്ന പദ്ധതികൾ സ്ഥലകാല സാഹചര്യമനുസരിച്ച് പരിഷ്ക്കരിക്കുമോ;

(ഐ) കർഷകത്തൊഴിലാളികൾക്ക് ചികിത്സാധനസഹായവും കർഷക തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസവും, വിവാഹ ആനുകൂല്യങ്ങളും ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ജെ) ഭൂവിനിയോഗത്തിലുണ്ടായ മാറ്റത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ടു കഴിഞ്ഞ കർഷകത്തൊഴിലാളികൾക്ക് ആശ്വാസമേകാൻ കേന്ദ്രഗവൺമെന്റുമായി സഹകരിച്ച് പുതിയൊരു പദ്ധതി പ്രഖ്യാപിക്കുമോ?

ഉത്തരം

(എ) 60 വയസ്സ് കഴിഞ്ഞ അർഹരായ കർഷകത്തൊഴിലാളികൾക്ക് പ്രതിമാസം 120 രൂപ നിരക്കിൽ കർഷകത്തൊഴിലാളി പെൻഷൻ നൽകി വരുന്നു. നിലവിൽ 5,68,063 (അഞ്ച് ലക്ഷത്തി അറുപത്തിയെണ്ണായിരത്തി അറുപത്തിമൂന്ന്) പേർ ഗുണഭോക്താക്കളായി ഉണ്ട്. കൂടാതെ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള 18 ലക്ഷം തൊഴിലാളികൾക്ക്/ ആശ്രിതർക്ക്, അതിവർഷാനുകൂല്യം, മരണാനന്തര സഹായം, പ്രസവാനുകൂല്യം,

LIBRARY ARCHIVES Kerala Legislative Assembly

വിവാഹ ധനസഹായം, ചികിത്സാസഹായം, വിദ്യാഭ്യാസ സ്കോർളർഷിപ്പ് എന്നിവ നൽകിവരുന്നു.

(ബി) ശരാശരി തൊഴിൽ ദിനങ്ങൾ ഒരു വർഷം 100-നും 150-നും ഇടയ്ക്ക് എന്ന് കണക്കാക്കാവുന്നതാണ്.

(സി) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 31-12-2004 വരെ 60 വയസ്സിനുതാഴെയുള്ള 16,66,765 (പതിനാറു ലക്ഷത്തി അറുപത്തി ആറായിരത്തി എഴുന്നൂറ്റി അറുപത്തി അഞ്ച്) പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 60 വയസിനുമുകളിൽ പ്രായമുള്ള 5,68,063 (അഞ്ചു ലക്ഷത്തി അറുപത്തി എണ്ണായിരത്തി അറുപത്തി മൂന്ന്) പേർക്ക് ഇപ്പോൾ കർഷക തൊഴിലാളി പെൻഷൻ നൽകിവരുന്നുണ്ട്.

(ഇ) സ്ത്രീയും പുരുഷനുമായി വേർതിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(എഫ്) ജാതി തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ജി) കർഷകത്തൊഴിലാളി പെൻഷൻ നൽകിവരുന്ന ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	. .	71876
കൊല്ലം	. .	36369
പത്തനംതിട്ട	. .	18023
ആലപ്പുഴ	. .	75146
കോട്ടയം	. .	44200
ഇടുക്കി	. .	7757
എറണാകുളം	. .	36985
തൃശ്ശൂർ	. .	43653
പാലക്കാട്	. .	55714
മലപ്പുറം	. .	51688
കോഴിക്കോട്	. .	61508
വയനാട്	. .	11665
കണ്ണൂർ	. .	38600
കാസർഗോഡ്	. .	14879

(എച്ച്) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി കർഷക തൊഴിലാളികൾക്ക് ചികിത്സാ ധനസഹായവും മക്കൾക്ക് വിദ്യാഭ്യാസ ധനസഹായവും വനിതകളായ അംഗങ്ങൾക്കും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹധനസഹായവും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നൽകി വരുന്നുണ്ട്.

(ജെ) ഇപ്പോൾ പരിഗണനയിലില്ല.

ചുരുട്ട് തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക

41 [528] ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുരുട്ട് (സിഗാർ) തൊഴിലാളികൾക്ക് എത്ര മാസത്തെ പെൻഷൻ നൽകാൻ ബാക്കിയുണ്ടെന്ന് വെളിപ്പെടുത്താമോ; ഇതിനായി എത്ര തുക വേണ്ടി വരുമെന്ന് വ്യക്തമാക്കാമോ;

(ബി) കുടിശ്ശിക പെൻഷൻ അടിയന്തിരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ചുരുട്ട് (സിഗാർ) തൊഴിലാളികളിൽ എഴുപതുവയസ്സ് കഴിഞ്ഞവർക്ക് പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചുരുട്ട് (സിഗാർ) തൊഴിലാളികൾക്ക് 2004 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള (4 മാസം) പെൻഷൻ കുടിശ്ശികയുണ്ട്. ഇതിനുവേണ്ടി 1,72,800 രൂപാ വേണ്ടിവരും.

(ബി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

കെ. എസ്. ആർ. ടി. സി.-യുടെ ആധുനികവൽക്കരണം

42 [529] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് ട്രാൻസ്പോർട്ട് സംവിധാനം ആധുനികവത്ക്കരിക്കാനും കാര്യക്ഷമമാക്കാനും എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ;

(ബി) എം.ജി.പി. പ്രകാരം ആധുനികവത്ക്കരണത്തിന് കെ.എസ്.ആർ.ടി.സി. എത്ര കോടി രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly